# സെന്റ് ജോസഫ് തീർത്ഥാടന ദൈവാലയം

## പെരിങ്ങഴ

ലക്കം 1 പുസ്തകം 1 2022



പാരിഷ് ബുള്ളറ്റിൻ

| മെയ് 2022



**നാമഹേതുക തിരുനാൾ ആഘോഷിച്ച**

**ബഹു. വികാരിയച്ചന് പെരിങ്ങഴ ഇടവകയുടെ**

**പ്രാർത്ഥനാശംസകൾ...**



ഫാ. ജോർജ് പൊട്ടയ്ക്കൽ

(വികാരി)

Ph: +91 94476 14257

# കൈക്കാരൻമാർ







ജോസ് മഠത്തിക്കുടിയിൽ

Ph: +91 94462 21848

ജെസ്സ് മാടശ്ശേരിൽ

Ph: +91 95625 46473

ജോസ് പൈക്കാട്ട്

Ph: +91 94974 62084

ജയ്സൻ കാനാരിയ്ക്കൽ

(ദേവാലയ ശുശ്രൂഷി)

Ph: +91 9544585519



# പെരിങ്ങഴ തീർത്ഥാടന ഇടവക

## പാരിഷ് ബുള്ളറ്റിൻ

**ലക്കം** 1 | **പുസ്തകം** 1 | **മെയ്** 2022



### രക്ഷാധികാരി

ഫാ. ജോർജ് പൊട്ടക്കൽ

(വികാരി)

Mob: +91 94476 14257

### ചീഫ് എഡിറ്റർ

നെവിൽ മാത്യു പിട്ടാപ്പിള്ളിൽ

(മീഡിയ മിനിസ്ട്രി കോർഡിനേറ്റർ)

Mob: +91 96457 71986

### മാനേജിങ് എഡിറ്റേഴ്സ്

ജോർജ് പോൾ പൊരുന്നേടത്ത്

ഗ്രേസ് മരിയ അരയകുന്നേൽ

### എഡിറ്റേഴ്സ്

അലീന ബിജു നടുക്കുടിയിൽ

ലിറ്റോ ജെയിംസ് നീരൊലിക്കൽ

രഞ്ജിത് ജോർജ് പാലക്കാട്ട്

### ഇതളുകൾ മറിയുമ്പോൾ

ഇടയമൊഴി

ഇടവക ഡയറി

ഇടവക വിശേഷങ്ങൾ

സംഘടനാ അറിയിപ്പുകൾ

രൂപതാ വാർത്തകൾ

തിരുക്കർമ്മങ്ങളുടെ സമയക്രമം

വീൽച്ചെയറിലെ സുവിശേഷം

ആദ്യകുർബാന സ്വീകരിച്ചവർ

യൗസേപ്പിതാവിന്റെ പിതാപാത

സോഷ്യൽ മീഡിയയിൽ ഒന്നാകാം

ചരിത്രത്തിലേക്കൊരു തിരിഞ്ഞുനോട്ടം

തിരുവചന വായനകൾ

**സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം, പെരിങ്ങഴ – 686673**

**ഫോൺ: 0485 2832840**

**ഇ-മെയിൽ: peringuzhachurch@gmail.com**

* For Private Circulation Only

# ഇടയ മൊഴി




സ്നേഹമുള്ളവരെ,

ഉത്ഥിതനായ ഈശോയുടെ സമാധാനം എല്ലാവർക്കും ആശംസിക്കുന്നു.

നമ്മുടെ ഇടവക മധ്യസ്ഥനായ വി. യൗസേപ്പിതാവിലൂടെ ഏറെ അനുഗ്രഹിക്കപ്പെട്ട നാളുകളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. രണ്ട് നൂറ്റാണ്ട് അടുക്കൽ ചരിത്രം പേറുന്ന നമ്മുടെ ഇടവക, യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ ഭാഗമായി തീർത്ഥാടന കേന്ദ്രമായി ഉയർത്തപ്പെട്ടു. അതിന്റെ ഓർമയ്ക്കായി യൗസേപ്പിതാവിന്റെ ഏഴ് വ്യാകുലങ്ങളും സന്തോഷങ്ങളും അനുസ്മരിപ്പിക്കുന്ന പിതാപാതയുടെ സ്ഥാപനം നമുക്കും, തീർത്ഥാടകരായി എത്തുന്നവർക്കും ആത്മീയ ഉണർവിന് സഹായകമായി.

ഈ പശ്ചാത്തലത്തിൽ, എല്ലാ ഇടവകാംഗങ്ങളെയും, സ്വദേശത്തും വിദേശത്തുമായി മാറി താമസിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെയും ഒരുമിച്ച് ചേർക്കുന്നതിന് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാകുകയാണ്. തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ഇടവകയിൽ നിന്നും ഒരു ഇ-ബുള്ളറ്റിൻ ആരംഭിക്കുന്ന സന്തോഷകരമായ വാർത്ത നിങ്ങളെ അറിയിക്കുന്നു. ഇടവക സംബന്ധമായ തലേമാസത്തെ വാർത്തകളും തുടർന്ന് വരുന്ന മാസത്തെ പ്രോഗ്രാമുകളും ഉൾപ്പെടുത്തി എല്ലാ മാസത്തിന്റെയും ആരംഭത്തിൽ ഇ-ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന് നേതൃത്വം നൽകാൻ താൽപര്യപൂർവ്വം മുന്നോട്ട് വന്ന സെന്റ്. ജോസഫ് മീഡിയ മിനിസ്ട്രിയിലെ അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

മെയ് മാസം മാതാവിന്റെ വണക്കമാസമാണല്ലോ. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം എല്ലാവർക്കും പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

ഫാ. ജോർജ് പൊട്ടയ്ക്കൽ
വികാരി അച്ചൻ



# ഏപ്രിൽ 2022 ഇടവക ഡയറി

**ഏപ്രിൽ 8** വലിയ ആഴ്ചയ്ക്ക് ഒരുക്കമായുള്ള കുമ്പസാരം നടത്തി. നാൽപ്പതാം വെള്ളിയാഴ്ച വൈകിട്ട് പള്ളിയിൽ കുരിശിന്റെ വഴിയും വി. കുർബാനയും നടത്തി.

**ഏപ്രിൽ 10** ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾക്ക് വികാരിയച്ചൻ നേതൃത്വം നൽകി. ഫാ. ഫ്രാൻസിസ് കോലോത്ത് സന്ദേശം നൽകി.

**ഏപ്രിൽ12** രോഗികളായി കഴിയുന്നവരെ വീടുകളിൽ കുമ്പസാരിപ്പിച്ചു, വി. കുർബാന നൽകി.

**ഏപ്രിൽ 14** പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്കും കാൽ കഴുകൽ ശുശ്രൂഷക്കും വികാരിയച്ചൻ നേതൃത്വം നൽകി. വൈകിട്ട് പൊതു ആരാധനയും അപ്പം മുറിയ്ക്കൽ ശുശ്രൂഷയും നടത്തി

**ഏപ്രിൽ 15** ദുഃഖവെള്ളി ദിനത്തിൽ പീഡാനുഭവ വായനയ്ക്കും കുരിശിന്റെ വഴിയ്ക്കും വികാരിയച്ചൻ നേതൃത്വം നൽകി.

**ഏപ്രിൽ 16** വലിയ ശനിയാഴ്ച പുത്തൻ തീ, പുത്തൻ വെള്ളം എന്നിവ വെഞ്ചിരിക്കുകയും ജ്ഞാനസ്നാന വ്രതം നവീകരിക്കുകയും ചെയ്ത.

**ഏപ്രിൽ 17** ഉയിർപ്പിന്റെ തിരുകർമങ്ങൾക്ക് വികാരിയച്ചൻ നേതൃത്വം നൽകി. ഫാ. ഫ്രാൻസിസ് കോലോത്ത് സന്ദേശം നൽകി. കെ.സി.വൈ.എം പ്രവർത്തകർ ഒരുക്കിയ ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം മനോഹരമായിരുന്നു

**ഏപ്രിൽ 18** സി. ലൂസി ജോർജ് പിട്ടാപ്പിള്ളിലിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് വികാരിയച്ചനും കൈക്കാരൻമാരും കറുകുറ്റി സിഎംസി കോൺവെന്റിലെത്തി പ്രാർത്ഥിച്ചു.



**ഏപ്രിൽ 24** ... തിരുനാൾ ഞായറാഴ്ച നമ്മുടെ ഇടവകയിൽ ഭക്തിപൂർവ്വം ആഘോഷിച്ചു.

ഗീവർഗീസ് നാമധാരിയായ ബഹു. വികാരിയച്ചന് വിവിധ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ നാമഹേതുക തിരുനാളിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

പിതാപാതയുടെ ഇലക്ട്രോണിക് സിസ്റ്റം സ്ഥാപിച്ചു തന്ന നമ്മുടെ ഇടവകാംഗമായ ബിബിൻ സി ജോസഫ് ചെറുവത്തൂരിന് ഇടവകയുടെ നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ട് വികാരിയച്ചൻ മൊമെന്റോ നൽകി ആദരിച്ചു.

**ഏപ്രിൽ 30** ഈ വർഷത്തെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം ആഘോഷപൂർവ്വം നടന്നു. ഇടവകയിലെ 18 കുട്ടികൾ ഈശോയെ ആദ്യമായി സ്വീകരിച്ചു



# ഇടവക വിശേഷങ്ങൾ

**മെയ് 01:** മെയ് ദിനം,
തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ,
മാതാവിന്റെ വണക്കമാസാരംഭം
(കൊന്ത നമസ്കാരം എല്ലാ ദിവസവും വൈകിട്ട് 6ന് മാതാവിന്റെ ഗ്രോട്ടോയിൽ)

**മെയ് 03:** മാതൃവേദി ടൂർ

**മെയ് 03 - 05:** വിശ്വാസോത്സവം

**മെയ് 07:** പാരിഷ് കൗൺസിൽ മീറ്റിംഗ്

**മെയ് 08:** പൊതുയോഗം,
രണ്ടാം സെമസ്റ്റർ വേദപാഠ പരീക്ഷ,
മാതൃവേദി മീറ്റിംഗ്
(സ്വന്തം കൈപ്പടയിൽ സമ്പൂർണ ബൈബിൾ എഴുതിയ നമ്മുടെ ഇടവകാംഗം അനിൽ പരുന്തുംപ്ലാവിനെ ആദരിക്കുന്നു),

**മെയ് 31**: മാതാവിന്റെ തിരുനാൾ ഗ്രോട്ടോയിൽ



## മതബോധനം

മെയ് 03 -05: വിശ്വാസോത്സവം (രാവിലെ 06.15-ന് വി. കുർബാനയോട് കൂടി ആരംഭിച്ച് 09 മണിയ്ക്ക് അവസാനിക്കുന്നു)

മെയ് 08: രണ്ടാം സെമസ്റ്റർ വേദപാഠ പരീക്ഷ

ക്ലാസ് I - IX : 11:00 am - 01.00 pm

ക്ലാസ് X - XII : 02:00 pm - 04.00 pm

മെയ് 10: സ്കോളർഷിപ് പരീക്ഷ

സമയം: 10.30 am - 12.30 pm

പരീക്ഷാകേന്ദ്രം: Nirmala High School (State), Muvattupuzha

മെയ് 22: പുതിയ വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു

മെയ് 29: പുതിയ അദ്ധ്യായന വർഷം തുടങ്ങുന്നു

## ചെറുപുഷ്പ മിഷൻലീഗ്: ധ്യാനം

മെയ് മാസം 9, 10, 11 തീയതികളിൽ 8, 9, 11 ക്ലാസ്സിലെ കുട്ടികൾക്കും മെയ് 30, 31, ജൂൺ 1 തീയതികളിൽ 10, 12 ക്ലാസ്സിലെ കുട്ടികൾക്കും NESTൽ താമസിച്ചുള്ള ധ്യാനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: റവ. ഫാ. വർഗീസ് പാറമേൽ ഡയറക്ടർ സി.എം.എൽ.,

ഫോൺ 8547848309

## ജൂബിലി ദമ്പതി സംഗമം

കുടുംബ വർഷത്തോടനുബന്ധിച്ച്, വിവാഹിതരായി 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർക്ക് ആശംസകൾ നേരാനും ആദരിക്കാനുമായി ഈ വർഷം ജൂൺ 11 ശനിയാഴ്ച രൂപതാതല ജൂബിലി ദമ്പതി സംഗമം നടത്തുന്നു. 1972, 1997 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളുടെ പേരുവിവരവും ദമ്പതികൾ ഒരുമിച്ചുള്ള ഫോട്ടോയും മെയ് ആദ്യ ആഴ്ചയിൽ തന്നെ NESTT ഓഫീസിൽ എത്തിക്കുക

## വിവാഹ ഒരുക്ക സെമിനാർ

നെസ്റ്റ് മൂവാറ്റുപുഴ
മെയ് 11-13, 27-29
For online registration: https://familyapostolateklm.com/
Ph: +91 94950 11191

## ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ 2022 മെയ് 7, ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തുന്നു. രജിസ്റ്റർ ചെയ്തിരുന്നവർ പരീക്ഷയ്ക്കായി നന്നായി ഒരുങ്ങുക.

## മൈനർ സെമിനാരി ഇന്റർവ്യൂ

ഈ വർഷം രൂപത മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ ഇന്റർവ്യൂ മെയ് 6 -)ം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 മണി വരെ മൈനർ സെമിനാരിയിൽ വച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. താല്പര്യമുള്ളവർ ബഹു. വികാരിയച്ചനെ സമീപിക്കുക.





# ചില വീട്ടുവിശേഷങ്ങൾ

| ജനനം | തീയതി | മാമ്മോദീസ |
|---|---|---|
| അന്നം വാഴപ്ലാംകുടിയിൽ<br>(D/o Ebin Jose & Dolcy M Sunny ) | 28.01.2022 | 23.04.2022 |
| മാത്യു പിട്ടാപ്പിള്ളിൽ<br>(S/o Noel Mathew & Seenu Thomas) | 21.07.2020 | 30.04.2022 |

| മനസമ്മതം | തീയതി |
|---|---|
| നെല്ലൂർ ലിനു & നെടുമറ്റത്തിൽ ജോർജ് | 23.04.2022 |

## തിരുകർമ്മങ്ങളുടെ സമയക്രമം

| | | |
|---|---|---|
| തിങ്കൾ - ശനി: | 6.15 am | വി. കുർബാന |
| ചൊവ്വ: | 6.15 am | വി. കുർബാന,<br>വി. അന്തോണിസിന്റെ നൊവേന |
| ബുധൻ: | 6.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| | 10.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| ഞായർ : | 6.45 am | വി. കുർബാന |
| | 9.45 am | വി. കുർബാന |

# ആദരാഞ്ജലികൾ












**Sr. ലൂസി ജോർജ് പിട്ടാപ്പിള്ളി CMC (81)**

പരേത കറുകുറ്റി സേക്രട്ട് ഹാർട്ട് മഠാംഗമായിരുന്നു

"അവനെപ്പോലുള്ള ഒരു മരണത്തിൽ നാം ഒരുമിച്ചായിരുന്നുവെങ്കിൽ, അവനെപ്പോലുള്ള ഒരു പുനരുത്ഥാനത്തിൽ നാം ഒരുമിക്കും.

റോമാ 6:5

# വീൽചെയറിലെ സുവിശേഷം

ജീവിതത്തിലെ തിക്താനുഭവങ്ങൾക്കിടയിലും സമ്പൂർണ ബൈബിൾ സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി അനിൽ.

ദുരന്തങ്ങളും വേദനകളും സഹനങ്ങളും ജീവിതത്തിൽ ഒരിക്കലെങ്കിലും തേടിയെത്താത്തവരായി നമുക്കിടയിൽ ആരും തന്നെ ഉണ്ടാകില്ല, എന്നാൽ ആ തിക്താനുഭവങ്ങളെയും വേദനകളെയും അവസരങ്ങളാക്കി മാറ്റുന്നവർ ചുരുക്കമായിരിക്കും. ദൈവീക പദ്ധതിയോട് ചേർന്ന് അത്തരം ജീവിത സാഹചര്യങ്ങളിലും പോരാടുന്ന നമ്മുടെ ഇടവകാംഗമായ ഒരാളുടെ കഥയാണിത്. പെരിങ്ങഴ പരുന്തുംപ്ലാവിൽ ജോർജ് മറിയം ദമ്പതികളുടെ മൂന്ന് മക്കളിൽ രണ്ടാമനായ അനിൽ എന്ന 44 -കാരന്റെ ഹൃദയസ്പർശിയായ ജീവിതകഥ. 2003 ഏപ്രിൽ 17 -ന്, ഒരു ദുഃഖവെള്ളി തലേന്ന്, അപ്രതീക്ഷിതമായൊരു ദുരന്തം ജാതിക്ക കച്ചവടക്കാരനായിരുന്ന അനിലിനെ




തേടിയെത്തി. ജാതിമരത്തിൽ നിന്നു വീണ അനിലിന്റെ ജീവിതം അന്ന് മുതൽ വീൽച്ചെയറിലും കിടക്കയിലുമായി ഒതുങ്ങി. പത്തടി ഉയരത്തിൽ നിന്നുള്ള നട്ടെല്ലു കുത്തിയുള്ള വീഴ്ചയിൽ സ്പൈനൽ കോഡ് പൂർണമായും തകർന്നു. തുടർച്ചയായ ആശുപത്രി ചികിത്സകളെല്ലാം നിഷ്ഫലമായി. കഴിഞ്ഞ 20 വർഷങ്ങളായി നടുനിവർന്ന് ഒന്ന് നിൽക്കാൻ അനിലിന് സാധിച്ചിട്ടില്ല. അരക്കു താഴേക്ക് അനക്കമില്ലാത്ത അവസ്ഥ. എങ്കിലും ജീവിതത്തിന്റെ വെളിച്ചം മങ്ങിവരുമ്പോഴും പ്രത്യാശയുടെ ജീവിതം ഇനിയും ബാക്കിയുണ്ടെന്ന് നിറ പുഞ്ചിരിയോടെ അനിൽ നമുക്ക് കാണിച്ചുതരുന്നു.



ദുരന്തത്തിന്റെയും വേദനയുടെയും നടുവിലും അനിൽ വെറുതെയിരുന്നില്ല. മാസികകളിൽ നിന്നും വചന പ്രഘോഷണങ്ങളിൽ നിന്നും കിട്ടുന്ന വചനങ്ങൾ ബുക്കിൽ എഴുതി പഠിക്കുവാൻ തുടങ്ങി. അങ്ങനെ ആയിരത്തോളം വചനങ്ങൾ അനിൽ മനപാഠമാക്കി. 2012 മുതൽ 2020 വരെയുള്ള 8 വർഷത്തിനുള്ളിൽ 25 തവണ ബൈബിൾ സമ്പൂർണമായി വായിച്ചു പൂർത്തിയാക്കുവാൻ അനിലിന് കഴിഞ്ഞു. ബൈബിൾ വായിക്കുമ്പോഴും സ്വന്തം കൈപ്പടയിൽ ബൈബിൾ എഴുതുന്നതിനെക്കുറിച്ച് അനിൽ ചിന്തിച്ചിരുന്നില്ല, കാരണം എഴുതുക എന്നത് അനിലിനെ സംബന്ധിച്ച് അസാധ്യമായ ഒരു കാര്യം ആയിരുന്നു. ഇതിനിടയിൽ 'ഇടവകയ്ക്ക് ഒരു ബൈബിൾ' എന്ന പദ്ധതിയുടെ ഭാഗമായി ഇടവകക്കാർ എല്ലാവരും ചേർന്ന് ബൈബിൾ എഴുതി പൂർത്തിയാക്കി. അതിൽ 4 പേജ് എഴുതാൻ



അനിലിനും അവസരം കിട്ടി. അദ്ദേഹം അത് വളരെ ഉത്സാഹത്തോടെ എഴുതി കൊടുത്തു. അതിനെത്തുടർന്ന് മൂവാറ്റുപുഴയിൽ പ്രസ്സ് നടത്തുന്ന അനിലിന്റെ സുഹൃത്തായ ഷിന്റോയോട് തന്റെ മനസ്സിൽ നാമ്പിട്ട ബൈബിൾ പൂർണമായും പകർത്തിയെഴുതണം എന്ന ആഗ്രഹം അദ്ദേഹം പങ്കുവെച്ചു. ഒരോന്നായി എഴുതി പേപ്പർ ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഷിന്റോ ആവശ്യമുള്ള പേപ്പർ സംഘടിപ്പിച്ചു തരാം എന്ന് ഏൽക്കുകയും ചെയ്തു. എഴുത്ത് ആരംഭിച്ചപ്പോൾ അനിൽ കരുതിയത് തനിക്കിത് അസാധ്യമാണെന്നാണ്. ഇരുന്നും കിടന്നും അധികനേരം എഴുതുക അത്ര എളുപ്പമായിരുന്നില്ല. എന്നാൽ പ്രതിസന്ധികൾക്കിടയിലും യാതൊരുവിധ തടസ്സവും കൂടാതെ 5 മാസവും 20 ദിവസവും കൊണ്ട് അനിൽ ബൈബിൾ മുഴുവനായും പകർത്തിയെഴുതി.

ഈ അവസ്ഥയിലും ചെറുപ്പത്തിൽ നോക്കിയതിനേക്കാൾ വാത്സല്യത്തിലും സ്നേഹത്തിലും കരുതലോടെയും അനിലിനെ പരിചരിക്കുന്നത് അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആണ്. അവിവാഹിതൻ ആയ അനിലിന്റെ സഹോദരങ്ങൾ അനീഷും ജിനോയുമാണ്.

അനിൽ നമുക്കും പ്രചോദനവും മാതൃകയുമാണ്. അദ്ദേഹം നമ്മുടെ ഇടവകാംഗമാണ് എന്നതിൽ നമുക്കും അഭിമാനിക്കാം. അനിലിനെപ്പോലെ ദുഃഖത്തിന്റെ നാളുകളിൽ കർത്താവിനെ പഴിക്കാതെ വേദനകൾ യേശുവിന്റെ കുരിശിനോട് ചേർത്ത് ശക്തി പ്രാപിക്കുവാനും ദൈവവചനം പഠിക്കുവാനും അതുവഴി ദൈവകൃപക്ക് അർഹരാകുവാനും ദൈവം നമ്മെ ശക്തരാക്കട്ടെ.

# ആദ്യകുർബാന സ്വീകരിച്ച കൊച്ചുകൂട്ടുക്കാർക്ക് പ്രാർത്ഥനാ മംഗളങ്ങൾ...


Antony Emmanuel
Chettoor


Sebastian Anish
Thoomullil


Alan Solly
Thoomullil


Chris Antony
Vazhuvelil


Varghese Lijo
Madathumchalil


Merin Lijo
Madathumchalil


Joel Martin
Kombanal


Ann Martin
Kombanal


Eva Mary Anto
Chittinappilly


Nicole Ann Anto
Chittinappilly


Angel Mary Joby
Thulamattathil


Anna Francis
Monippillil


Ameya Deepu
Kottakal


Anoyal Noby
Thulamattathil


Kiran Thomas
Modekal


Rose Maria George
Ayyamkuzhakal


Stephen George
Ayyamkuzhakal


Annmariya Shibu
Thulamattathil



## Follow Us on Social Media:

**പെരിങ്ങഴ തീർത്ഥാടന ഇടവകയുടെ സാമൂഹ്യ മാധ്യമ പേജുകൾ സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**

Facebook Instagram Twitter

Website Youtube



# വി. യൗസേപ്പിതാവിൻറെ പിതാപാത

ഈശോയുടെ വത്സല പിതാവും തിരുക്കുടുംബ പാലകനുമായ മാർ യൗസേപ്പിതാവിന്റെ നാമത്തിലുള്ള കേരളത്തിലെ തന്നെ പുരാതനമായതും കോതമംഗലം രൂപതയിലെ ആദ്യത്തെയും ഇടവകയാണ് പെരിങ്ങഴ. വി. യൗസേപ്പിതാവിന്റെ വർഷമായി ആഗോള സഭ പ്രഖ്യാപിച്ച പ്രത്യേക വർഷത്തിൽ പെരിങ്ങഴ ഇടവകയെ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള കോതമംഗലം രൂപതയുടെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയുണ്ടായി. വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള അതിപുരാതന തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ ഇടവകയുടെ പ്രാധാന്യം മനസ്സിലാക്കിയ വിശ്വാസികൾ പള്ളിയോട് ചേർന്ന് വി. യൗസേപ്പിതാവിന്റെപിതാപാത (ഏഴ് വ്യാകുലങ്ങളും ഏഴ് സന്തോഷങ്ങളും) സ്ഥാപിക്കുവാൻ തീരുമാനിച്ചു. 2022 മാർച്ച് 18ന് കോതമംഗലം രൂപതാ മെത്രാൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ വി. യൗസേപ്പിതാവിന്റെ പിതാപാതയുടെ ആശീർവാദ കർമ്മം നിർവഹിച്ചു.

പെരിങ്ങഴയിലെ തീർഥാടന ദൈവാലയത്തോട് ചേർന്ന് സ്ഥാപിതമായിരിക്കുന്ന മാർ യൗസേപ്പിതാവിന്റെ ഏഴ് വ്യാകുലങ്ങളെ അടിസ്ഥാനമാക്കിയുള്ള പിതാപാത ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ നിർമ്മിതിയാണ്.



**നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവ ഇ-ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ ഫോട്ടോയും വിശദാംശങ്ങളുമായി വികാരിയച്ചനെ സമീപിക്കുക.**

# പെരിങ്ങഴ ഇടവകയുടെ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

- പുരാതന നസ്രാണി ക്രൈസ്തവ വിശ്വാസ സമൂഹം
- എ.ഡി 1864ൽ പെരിങ്ങഴ പള്ളി സ്ഥാപിതമായെന്ന് ചരിത്രം
- വി. യൗസേപ്പിതാവിന്റെ അതിപുരാതനമായ തിരുസ്വരൂപം സ്ഥാപിതമായിരിക്കുന്ന ഇടവക
- യൗസേപ്പിതാവിന്റെ പേരിലുള്ള കേരളത്തിലെ തന്നെ ആദ്യത്തെ ഇടവകകളിലൊന്ന്
- വി. യൗസേപ്പിന്റെ നാമത്തിൽ സിറോ മലബാർ സഭയിൽ സ്ഥാപിതമായ ആദ്യത്തെ അഞ്ച് പ്രധാന ദേവാലയങ്ങളിലൊന്ന്
- ഉദയംപേരൂർ സുനഹദോസിന് ശേഷം വി. യൗസേപ്പിതാവിന്റെ നാമത്തിൽ സഭയിൽ സ്ഥാപിതമായ ആദ്യത്തെ പ്രധാന ഇടവക
- മാർത്തോമാ നസ്രാണികൾക്ക് വേണ്ടി വികാരിയത്തുകൾ സ്ഥാപിതമാകുന്നതിന് മുമ്പ് തന്നെ രൂപീകൃതമായ ഇടവക
- വിശുദ്ധ യൗസേപ്പിന്റെ നാമധേയത്തിൽ സ്ഥാപിതമായ കോതമംഗലം രൂപതയിലെ ആദ്യത്തെ ഇടവക
- ആഗോള സഭയുടെ മദ്ധ്യസ്ഥനായി വിശുദ്ധ യൗസേപ്പിതാവിനെ പ്രഖ്യാപിക്കുന്നതിന് മുന്നേ പെരിങ്ങഴ ഇടവക സ്ഥാപിതമായി
- വി. യൗസേപ്പിതാവിന്റെ ഏഴ് വ്യാകുലങ്ങളെ അടിസ്ഥാനമാക്കി സ്ഥാപിതമായിരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പിതാപാത
- നിരവധി സമീപ ഇടവകകളുടെ മാതൃ ഇടവക









# തിരുവചന വായനകൾ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| **1**<br>**ഉത്പ 3:17-19; 23-24**<br>**ജ്ഞാനം 9:10-18**<br>**കൊളോ 3:14-17**<br>**മത്താ 13:53-58** | 2<br>തീത്തോ 1:6-9<br>യോഹ 10:14-18 | 3<br>എഫേ 1:12-17<br>യോഹ 14:1-11 | 4<br>കൊളോ 3:12-17<br>ലൂക്കാ 1:46-56 | 5<br>എഫേ 6:1-9<br>മത്താ 20:17-28 | 6<br>2 തിമോ 2:22-26<br>മത്താ 24:45-51 | 7<br>വെളി 3:15-22<br>യോഹ 10:14-16;22-30 |
| **8**<br>**ജോഷ്വ 1:1-9**<br>**2 ദിന 15:1-7**<br>**2 കോറി 13:5-10**<br>**മത്താ 28:16-20** | 9<br>വെളി 21:1-7<br>യോഹ 14:15-24 | 10<br>1 കോറി 3:18-23 മർക്കോ 3:13-19 | 11<br>ഫിലി 1:21-25<br>യോഹ 1:35-42 | 12<br>കൊളോ 1:24-29<br>യോഹ 6:52-59 | 13<br>2 കോറി 5:14-20<br>യോഹ 3:1-12 | 14<br>റോമാ 11:25-32<br>മത്താ 18:10-14 |
| **15**<br>**പുറ 4:27-31**<br>**തോബി 5:1-10; 16-21**<br>**അപ്പ 12:24-13:3**<br>**ലൂക്കാ 10:1-12** | 16<br>2 കോറി 12:5-10<br>ലൂക്കാ 9:1-6 | 17<br>ഫിലി 2:19-30<br>ലൂക്കാ 8:1-8 | 18<br>ഫിലി 4:10-20<br>ലൂക്കാ 17:5-10 | 19<br>1 കോറി 15:1-11<br>ലൂക്കാ 9:57-62 | 20<br>1 കോറി 3:1-9<br>മത്താ 13:24-30 | 21<br>റോമ 11:11-16<br>ലൂക്കാ 7:1-10 |
| **22**<br>**ഉത്പ 9:8-17**<br>**2 രാജാ 2:1-15**<br>**റോമാ 8:1-11**<br>**യോഹ 5:19-29** | 23<br>റോമാ 3:21-26<br>യോഹ 4:27-30;39-42 | 24<br>റോമാ 6:19-23<br>യോഹ 5:36-47 | 25<br>അപ്പ 20:7-12<br>മർക്കോ 5:21-24;35-43 | 26<br>ഉത്പ 5:18-24<br>അപ്പ 1:1-14<br>ഹെബ്രാ 10:1-14<br>മർക്കോ 16:9-20 | 27<br>വെളി 5:1-14<br>യോഹ 1:35-39 | 28<br>ഹെബ്രാ 8:1-6<br>യോഹ 17:9-19 |
| **29**<br>**ഉത്പ 28:10-19**<br>**മിക്കാ 4:1-5**<br>**1 പത്രോ 1:3-9**<br>**ലൂക്കാ 24:44-53** | 30<br>1 തിമോ 2:1-7<br>ലൂക്കാ 18:1-8 | 31<br>റോമാ 12:9-16<br>ലൂക്കാ 1:39-45 | | | | |




സ്നേഹമുള്ളവരെ,

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ ഡൽഹി ALS IAS Institute മായി സഹകരിച്ച് മുവാറ്റുപുഴ Nirmala Civil Service Academy ഒരുവർഷം നീണ്ടുനിൽക്കുന്ന ഫുൾ ടൈം സിവിൽ സർവീസ് പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന കോതമംഗലം, ഇടുക്കി രൂപതകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

വിശദവിവരങ്ങൾ പോസ്റ്ററിൽ നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ താഴെക്കൊടുത്തിരിക്കുന്ന ഗൂഗിൾ ഫോർമ്മിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

https://forms.gle/s4snsJjYc9EUWYJL8

സിവിൽ സർവീസ് പഠനത്തിന് ആഗ്രഹിക്കുന്നവർ ഈ അവസരം വിനിയോഗിക്കുമല്ലോ. ഇത് നമ്മുടെ കൂട്ടുകാർക്ക് ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.



**മാതാവിന്റെ വണക്കമാസം വായിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**